**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4159 20.03.2018 ൽ മറുപടിയ്ക്ക്

**നഗരകാര്യ വകുപ്പിലെ ക്രമക്കേടുകൾ**

**ചോദ്യം** **ഉത്തരം**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ഡോ. കെ.റ്റി. ജലീൽ
ബഹു. തദ്ദേശ സ്വയംഭരണവും
ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ്
തീർത്ഥാടനവും വകുപ്പ് മന്ത്രി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നഗരകാര്യ ജോയിന്റ് ഡയറക്ടർ ഓഫീസിലും, നഗരകാര്യ ഡയറക്ടറേറ്റിലും ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; 2016 ജനുവരി മുതൽ നിലവിലുള്ള എത്ര ഫയലുകൾ ഉണ്ട്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നഗരകാര്യ ജോയിന്റ് ഡയറക്ടർ ഓഫീസിലും, നഗരകാര്യ ഡയറക്ടറേറ്റിലും ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. നഗരകാര്യ ഡയറക്ടറേറ്റിൽ നിലവിൽ 12153 ഫയലുകൾ ഉണ്ട്. നഗരകാര്യ ജോയിന്റ് ഡയറക്ടർ ഓഫീസിലെ ഫയലുകളുടെ എണ്ണം ശേഖരിച്ച് വരുന്നു. |
| (ബി) | ഫയലുകൾ പ്രോസസ്സ് ചെയ്യുവാൻ സർക്കാർ സമയക്രമം നൽകിയിട്ടുണ്ടോയെന്നറിയിക്കാമോ; ഈ പറഞ്ഞ സമയത്ത് പ്രോസ്സസ്സ് ചെയ്യാത്ത ഫയലുകൾ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) & (സി) | ഇല്ല. |
| (സി) | ഇത്തരത്തിൽ സമയക്രമം പാലിക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| ഡി) | നഗരസഭ, കോർപ്പറേഷൻ എന്നിവയിലെ ഉദ്യോഗസ്ഥരുടെ സീനിയോറിറ്റി തെറ്റിച്ച കേസുകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്രയെന്നറിയിക്കാമോ; ഇതിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; നടപടിയ്ക്ക് വിധേയരായവരുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ; | (ഡി) | സീനിയോറിറ്റി തർക്കങ്ങൾ സംബന്ധിച്ച കേസുകൾ ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. ഇത്തരം നിരവധി കേസുകളിൽ സീനിയോറിറ്റി പുന:ക്രമീകരിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്. മറ്റ് കേസുകളിൽ നടപടി സ്വീകരിച്ച് വരുന്നു. സീനിയോറിറ്റി തർക്കം സംബന്ധിച്ച കേസുകളുടെ അടിസ്ഥാനത്തിൽ ജീവനക്കാർ ആരും ശിക്ഷണനടപടിക്ക് വിധേയരായിട്ടില്ല. |
| (ഇ) | സീനിയോറിറ്റി തെറ്റിച്ച കേസുകൾ പരിശോധിച്ച് ശരിയായ ക്രമീകരണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; 2016 ജനുവരി മുതൽ ശിക്ഷണ നടപടിയ്ക്ക് വിധേയരായ ഉദ്യോഗസ്ഥരുടെ വിവരം ലഭ്യമാക്കുമോ? | (ഇ) | സീനിയോറിറ്റി തർക്കങ്ങൾ സംബന്ധിച്ച ബഹു.കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഉള്ള കേസുകളുടെ അടിസ്ഥാനത്തിലും ജീവനക്കാർ നേരിട്ട് സമർപ്പിച്ച പരാതികളുടെ അടിസ്ഥാനത്തിലും നിരവധി ജീവനക്കാരുടെ സീനിയോറിറ്റി ക്രമം പുന:ക്രമീകരിച്ച് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സീനിയോറിറ്റി തർക്കം സംബന്ധിച്ച കേസുകളുടെ അടിസ്ഥാനത്തിൽ 2016 ജനുവരി മുതൽ ജീവനക്കാർ ആരും ശിക്ഷണനടപടിക്ക് വിധേയരായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**